കേരള സർക്കാർ

# ആയവന ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.8)43/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :01.02.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ആയവന ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആയവന ഗ്രാമപഞ്ചായത്ത് -2015-16സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയവന ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തി കവർഷത്തെ ധനകാര്യപത്രികയുടെ പരിശോ ധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശി ക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേക്കും ഭാഗം 3ലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തി കളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ ർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ട തുമാണ്. (കേരള പഞ്ചായത്ത് രാജ്-പരി ശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാ ക്കുന്നതിനാവശ്യമായ നടപടി സ്വീക രിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയള വിനു ള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,എറണാകുളം

3)കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ.-ഇകെഎം(പി.8)43/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :01.02.2017

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്ത് -2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുക യുണ്ടായി.പഞ്ചായത്ത് 14/01/16മുതൽ 02/01/17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ ർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു ,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03/01/2017മുതൽ 10/01/2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജലജ .എം.കെ,<br>അസി.ഓഡിറ്റ് ഓഫീസർ |
| - | ശ്രീ.സ്റ്റാർ പി.ജോൺ,<br>അസി.ഓഡിറ്റ് ഓഫീസർ |
| - | ശ്രീ.നവാസ് .സി. എം,<br>ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മേഴ്സി ജോർജ്ജ് | 1.4.15മുതൽ 31.03.16വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി.കെ.വി.മേരി | 1.4.15മുതൽ 05.05.15 വരെ |
| | ശ്രീ.അനിൽ കുമാർ. കെ .വി | 06.5.15മുതൽ 3.08.15 വരെ |
| | ശ്രീ.രാജൻ .പി.പി | 4.8.15മുതൽ 31.03.16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ശ്രീ.മാത്യൂസ് നമ്പേലി | 1.4.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ശ്രീ.റോബിൻ കെ ജോസഫ് | 1.4.15മുതൽ 31.03.16 വരെ |
| വെറ്റിനറി സർജൻ | ശ്രീ.ജയൻ | 1.4.15മുതൽ 31.03.16 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.പി.കെ .ബാലകൃഷ്ണൻ | 1.4.15മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബേബി ജോർജ്ജ് | 1.4.15മുതൽ 31.03.16വരെ |
| ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ശ്രീമതി.ജാനറ്റ് എം. സേവ്യർ | 1.4.15മുതൽ 30.1.16 വരെ |
| - | ശ്രീമതി. രമ്യ രതീശൻ | 1.2.16മുതൽ 31.3.16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുജിത്ത് രാഘവൻ | 1.4.15മുതൽ 31.03.16 വരെ |
| വി.ഇ.ഒ | ശ്രീ.ഹരീഷ് | 1.4.15മുതൽ 31.03.16 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ഏലിയാമ്മ | 1.4.15മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |

| | | | |
|---|---|---|---|
| 12 | ആട് മാർക്കറ്റ് ലേലം 107200/- രൂപ നഷ്ടം | 2-1 | |
| 13 | വാടക പിരിവ്- പിഴ പലിശ ഈടാക്കിയില്ല | 2-2(എ) | |
| 14 | വാടക | 2-2 (ബി) | |
| 15 | കെട്ടിട നികുതി നിർണ്ണയം - മൊബൈൽ ടവർ | 2-3 | |
| 16 | ഡി&ഒ ലൈസൻസ് | 2-4 | |
| | ഭാഗം 3 | | |
| 13 | സേവാകേന്ദ്രങ്ങൾക്ക് വാടക നൽകൽ | 3-1 | |
| 14 | മാനവേതനം നല്കാത്തത് | 3-2 | |
| 15 | തെരുവുവിളക്ക് മെയിൻെറനൻസ് ,സ്ഥാപിക്കൽ | 3-3 | |
| 16 | സേവാകേന്ദ്രങ്ങൾ സ്ഥാപിക്കൽ | 3-4 | |
| 17 | വനിതാ വിപണന കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ | 3-5 | |
| 18 | മീഡിയാശ്രീ | 3-6 | |
| 18 | വിനിയോഗസാക്ഷ്യപത്രം | 3-7 | |
| 19 | എസ്.സി .കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-8 | |
| 20 | സിമൻെറ് പ്ലാസ്റ്ററിങ് പ്രവൃത്തി | 3-9 | |
| | ഭാഗം 4 | | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് -2015-16 | അനുബന്ധം-1 | |
| 2 | ബാലൻസ് ഷീറ്റ് -2015-16 | | |
| 3 | രസീപ്റ്റ്&പേയ്മെൻറ് അക്കൗണ്ട് -2015-16 | | |
| 4 | ഇൻകം&എക്സ്പെൻറീച്ചർ അക്കൗണ്ട് -2015-16 | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26/03/2015 തിയതിയിലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചു.

| 2015-16 | |
|---|---|
| ബജറ്റ് പ്രകാര മുള്ള വരവ് | 171260000 |
| യഥാർത്ഥ വരവ് | 43501346 |
| വ്യത്യാസം | 127758654 |
| ശതമാനം | 25.47% |
| ബജറ്റ് പ്രകാരമുള്ള ചെലവ് | 170876000 |
| യഥാർത്ഥ ചെലവ് | 37357652 |
| വ്യത്യാസം | 133518348 |
| ശതമാനം% | 21.86% |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരം കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2015 | 23/07/2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | റിമാർക്സ് |
|---|---|---|
| 2015-16 | 07/01/2017 | അക്കൗണ്ടസ് പരിശോധിച്ചതിൽ അപാകതകൾ കാണുന്നില്ല. |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| 2015-16 | |
|---|---|
| മുന്നിരിപ്പ് | 17084800 |
| വരവ് | 26416546 |
| ആകെ | 43501346 |
| ചെലവ് | 37357652 |
| നീക്കിയിരിപ്പ് | 6143694 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/TC | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 660159 | 3846359 | 4506518 | 4506518 | - | 100% |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 2058536 | 1903014 | 3961550 | 3961550 | - | 100% |
| വികസനഫണ്ട് ടി.എസ്.പി. | 160000 | 6000 | 166000 | 166000 | - | 100% |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1394590 | 3974774 | 5369364 | 5369394 | - | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1722540 | 1531159 | 3253699 | 3253699 | - | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 690091 | 3407342 | 4097433 | 4097433 | - | 100% |
| പെർഫോമൻസ് ഗ്രാന്റ് | 2275966 | 78863 | 2354829 | 2354829 | - | 100% |
| എം.എൻ.ആർ .ഇ.ജി.എസ്. | 1330 | 288581 | 289911 | 288136 | 1775 | 99.38% |
| ബി ഫണ്ട് | 00 | 426218 | 426218 | 426218 | 00 | 100% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം % |
|---|---|---|---|---|---|---|
| 146 | 35477193 | 124 | 26550684 | 1 | 21 | 74.83% |

പൂർത്തീകരിക്കാത്ത പദ്ധതി-എസ്.സി .കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം.(പ്രോ.നം.s094/13).

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 95.98% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1139318 | 1919463 | (+)780145 | 68.47% (+) |
| നികുതിയേതര വരവുകൾ | 16638950 | 1207585 | (-)15431365 | 92.74% (-) |
| മറ്റുവരവുകൾ | 23244834 | 78916 | (-)23165918 | 99% (-) |
| ആകെ | 41023102 | 3205964 | (-)37817138 | 92.2% (-) |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 135960 | 76 |
| കർഷകതൊഴിലാളി പെൻഷൻ | 10520940 | 270 |

| | | |
|---|---|---|
| വിധവാപെൻഷൻ | 7089200 | 554 |
| വാർദ്ധക്യകാലപെൻഷൻ | 6707160 | 960 |
| വികലാംഗപെൻഷൻ | 2574545 | 211 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 444040 | 9 |
| 50-വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 360000 | 31 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2017- ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5510/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1.വാടക-വാടകയിനത്തിൽ നല്കിയ കെട്ടിടത്തിൻെറ വാടകകാരിൽ നിന്ന് ക്രമപ്രകാരമുള്ള കരാർവെയ്പ്പിക്കുകയോ, വാർഷിക വാടകവർദ്ധനവ് വരുത്തുകയോ ചെയ്യതിട്ടില്ല.ഇത്തരം അപാകത ഒഴിവാക്കേണ്ടതാണ്.

2.ഗ്രാമകേന്ദ്രങ്ങൾ-ഗ്രാമകേന്ദ്രങ്ങളുടെ വാടക സംബന്ധിച്ച് കെട്ടിട ഉടമസ്ഥരുമായി വാടകകരാർ ക്രമപ്രകാരം പരിപാലിക്കേണ്ടതാണ്.

3.ഡി&ഒ ലൈസൻസ് -പ്ളാസ്റ്റിക് ഉൽപ്പന്നങ്ങൾ ധാരാളം മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുമ്പോൾ ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

4.വലിയ ആരോഗ്യ,മലിനീകരണ പ്രശ്നങ്ങൾക്ക് കാരണമാകുന്ന കോഴിഫാമുകൾക്കെതിരെ അടിയന്തിര നടപടി നിലവിലുള്ള സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

5.തനത് വരുമാനം കുറഞ്ഞ ആയവന ഗ്രാമ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പഞ്ചായത്തിന്റെ നടപടികൾ അപര്യാപ്തമാണ്. ലൈസൻസില്ലാതെ കോഴിഫാമുകൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ പഞ്ചായത്ത് എടുത്തിട്ടില്ല. പകർച്ച വ്യാധികളും,സാംക്രമിക രോഗങ്ങളും വ്യാപിക്കുന്ന സാഹചര്യത്തിൽ സ്ഥാപനങ്ങൾ ശരിയായ രീതിയിലാണോ പ്രവർത്തിക്കുന്നത് എന്ന് പഞ്ചായത്ത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

6.ഗ്രാമ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നത് പഞ്ചായത്ത് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഓഫീസിന്റെ മുൻ വശത്താണ്. വാർദ്ധക്യകാല പെൻഷൻ, ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ധാരാളം ഉള്ള ഈ പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഒന്നാം നിലയിൽ പ്രവർത്തിക്കുന്നത് അവശതയനുഭവിക്കുന്നവർക്ക് പഞ്ചായത്തിൽ വരുവാനും സേവനങ്ങൾ ലഭ്യമാക്കുവാനും ബുദ്ധിമുട്ടായ അവസ്ഥയ്ക്ക് കാരണമാക്കുന്നു.ആയതിനാൽ ഈ പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.പരസ്യനികുതി-കാര്യമായ തനതുവരുമാനം ഇല്ലാത്ത ഒരു പഞ്ചായത്ത് ആയത് വർദ്ധിപ്പിക്കാൻ സാദ്ധ്യമായ മേഖലകൾ കണ്ടെത്തേണ്ടതാണ്. ഇവിടെ പഞ്ചായത്ത് പരിധിയിൽ പരസ്യങ്ങൾ കാണപ്പെടുന്നുണ്ടെങ്കിലും പരസ്യനികുതി ഈടാക്കുന്നില്ല. ആയതിനാൽ പരസ്യനികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാൻ വേണ്ടുന്നനടപടി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

8.ബി-ഫണ്ട്-സാമൂഹിക ക്ഷേമപെൻഷനുകളുടെ അപേക്ഷകളും അനുബന്ധരേഖകളും സ്വീകരിക്കുന്ന തീയതി ചേർക്കാത്തതിനാൽ ആയതിൻെറ നടപടികളുടെ കാലതാമസം വിലയിരുത്താൻ സാധിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോ മൻസ് ഓഡിറ്റ് | 7-11-16 to 8-11-16 | 10/2015 | 10/09/2015 |
| അക്കൗണ്ടന്റ് ജനറലിൻ്റെ ഓഡിറ്റ് | 24-6-16 to 11.7.16 | 2011-12to15-16 | 11-12-2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ആട് മാർക്കറ്റ് ലേലം ആദായനികുതിയിനത്തിൽ 10720/- രൂപ നഷ്ടം

ഗ്രാമ പഞ്ചായത്ത് പരിധിയിലെ കാലാമ്പൂരിൽ പ്രവർത്തിക്കുന്ന ആട് മാർക്കറ്റ് 01-04-2015 തീയ്യതി ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ശ്രീ.അഷ്റഫ്, കദളിമറ്റത്തിൽ വീട്,കാലാമ്പൂർ എന്നയാൾക്കാണ് 536000/- രൂപയ്ക്ക് ലേലം നൽകിയത് . (ലേല രജിസ്റ്റർ പേജ്. 64). ലേലം ചെയ്ത് നൽകിയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ലേല തുക 3 ഗഡുക്കളായിട്ടാണ് പഞ്ചായത്തിൽ അടച്ചിട്ടുള്ളത്-

| ക്രമ നം. | രസീത് നം./തീയ്യതി | തുക |
|---|---|---|
| 1 | 2837296/01-04-2015 | 180000 |
| 2 | 1/51272-30-09-2015 | 180000 |
| 3 | 11505102661-29-03-2016 | 176000 |
| | ആകെ | 536000 |

എ. ലേല നിബന്ധനകളിൽ പറഞ്ഞിരിക്കുന്നത് ലേല തുക ഗഡുക്കളായി അടയ്ക്കുന്നതിന് താലൂക്ക് ഓഫീസിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്നാണ്. എന്നാൽ സോൾവൻസി സർട്ടിഫിക്കറ്റ് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

ബി. രജിസ്റ്റർ പരിശോധിച്ചതിൽ (പേജ് 64) 2015-16 വർഷം ആദായ നികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം 2% ആദായനികുതി ലേലം കൊണ്ടയാളിൽ നിന്നു ഈടാക്കേണ്ടിയിരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ലേലക്കാരൻ്റെ പേര് | ലേല തുക | ആദായ നികുതി 2% | സ്ഥലം ഉടമയുടെ നികുതി അടച്ചതിൻ്റെ വിവരം |
|---|---|---|---|
| അഷ്റഫ് കദളിമറ്റം, | 536000 | 10720 | Income tax Act.Section 194 സി(1) പ്രകാരമുള്ള 1% നികുതി രസീത് നം 11605101287/ 17-10-2016 പ്രകാരം അടച്ചിട്ടുണ്ട്. |

ലേലക്കാരനായ ശ്രീ.അഷ്റഫ് കദളിമറ്റത്തിന് ലേലത്തിന് നൽകിയ വകയിൽ ടിയാനിൽ നിന്ന് 2015-16

വർഷത്തെ ആദായനികുതി ഇനത്തിൽ ഈടാക്കേണ്ട തുകയായ 10720/- രൂപ ഈടാക്കി ആദായ നികുതി വകുപ്പിൽ അടയ്ക്കേണ്ടതാണ്.
സി.ലേലം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ബൈലാ ഉണ്ടാക്കിയിട്ടില്ല. ബൈലാ ഉണ്ടാക്കി അംഗീകാരം വാങ്ങാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 (എ) വാടക പിരിവ്- പിഴ പലിശ ഈടാക്കിയില്ല

2015-16 വർഷം ഗ്രാമ പഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന മുറികളിൽ നിന്നും യഥാസമയം വാടക പിരിച്ചെടുത്തിട്ടില്ല. ഗ്രാമ പഞ്ചായ ത്തിന്റെ ആസ്ഥിയായ കെട്ടിടങ്ങളുടെ വാടക യഥാസമയം പിരിക്കാത്തത്
ഉത്തരവാദപ്പെട്ടവരുടെ വീഴ്ചയാണ്. വാടക കുടിശികയായി പിരിച്ചപ്പോഴും ആയതിന് പിഴപലിശ ഈടാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു-

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | പ്രതിമാസ വാടക | വാടക കുടിശിക മാസം | പിരിച്ചത്/തീയതി | പിഴപ്പലിശ ഈടാ ക്കേണ്ടത്. 24% |
|---|---|---|---|---|---|---|
| 1 | 8/440 | ദാക്ഷായണിയമ്മ | 1100 | 7 | 7700/-28-03-2016 | 616 |
| 2 | 8/441 | കെ.എൻ.കൃഷ്ണൻ കുട്ടി | 1000 | 10 | 10000/-10-03-2016 | 1100 |
| 3 | 8/442 | സി.പി.ജോയ് ചിറപ്പുറത്ത്(സുരേഷ്. കെ.ദാമോദരൻ) | 1000 | 10 | 10000/-22-03-2016 | 1100 |
| 4 | 8/443 | ദാക്ഷായണിയമ്മ | 1100 | 6 | 6600/-04-03-2016 | 462 |
| 5 | 8/444 | എം.ഇ.പൗലോസ് | 1000 | 3 | 2000/-04-03-2016 | 60 |
| 6 | 3/153 | ജോർജ്ജ് മാത്യു തണ്ടേൽ | 1000 | 7 | 7000/-28-03-2016 | 560 |
| 7 | 3/154 | ദേവദാസ് കടയ്ക്കോട് | 1000 | 7 | 7000/-28-03-2016 | 560 |
| | | ആകെ. | | | | 4458 |

തനത് വരുമാനം കുറവുള്ള ആയവന ഗ്രാമ പഞ്ചായത്തിൽ വാടകക്ക് നൽകിയ സ്ഥാപനങ്ങളിൽ നിന്നും യഥാസമയം വാടക ഈടാക്കാതിരുന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു. 2015-16 വർഷം വാടക കുടിശിക പിരിച്ച ഇനത്തിൽ പിഴപ്പലിശ 4458/-രൂപ ഈടാക്കിയിട്ടില്ല. ഇപ്രകാരം കുറവ് വന്ന തുക ബന്ധപ്പെട്ട വാടകകാരനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 (ബി) വാടക -പൊതു അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ ആകെ 8 കടമുറികളാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. വാടകക്ക് കൊടുത്തിരിക്കുന്ന വയുടെ വിവരം ചുവടെ ചേർക്കുന്നു-

| ക്രമ നം. | കെട്ടിട നം. | വാടകകാരൻ | പ്രതിമാസ വാടക |
|---|---|---|---|
| 1 | VIII/440 | ദാക്ഷായണി അമ്മ,കേശവപുരത്ത്. | 1100 |
| 2 | VIII/441 | കെ.എന്.കൃഷ്ണൻ കുട്ടി,കൊല്ലമ്മാകുടി. | 1000 |
| 3 | VIII/442 | സി.പി.ജോയ്,ചിറപ്പുറത്ത് | 1000 |

| | | | |
|---|---|---|---|
| 4 | VIII/443 | ദാക്ഷായണി അമ്മ,കേശവപുരത്ത്. | 1100 |
| 5 | VIII/444 | എം.ഇ.പൗലോസ്,മുറിപരമ്പിൽ | 1000 |
| 6 | III/153 | ജോർജ് മാത്യു,തണ്ടേൽ | 1000 |
| 7 | III/154 | ദേവദാസ്, കടക്കോട്. | 1000 |
| 8 | III/13 C | പോസ്റ്റ്മാസ്റ്റർ ആയവന | 100 |

സാമ്പത്തിക വർഷത്തെ വാടക സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി യതിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്,വിശദ വിവരം ചുവടെ -

1. വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2005 -ലെ കേരള പഞ്ചായത്തീരാജ് വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ചട്ടങ്ങൾ ചട്ടം 7(2) അനുശാസി ക്കുന്ന വിധത്തിൽ വാടകക്കാ രനുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. വാടകക്ക് നൽകുന്നതിന് പഞ്ചായത്തീരാജ് നിയമം 178 - ൽ പറയുന്ന ബൈലാ ഉണ്ടാക്കിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്ത് വാടകക്ക് നൽകിയ സ്ഥാപനങ്ങൾക്ക് 2015-16 വർഷം ലൈസൻസ് നൽകിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 9 നൽകിയെങ്കിലും ആയത് വിശദമാക്കിയില്ല. തനത് വരുമാനം നന്നേ കുറഞ്ഞ ഗ്രാമ പഞ്ചായത്തിൽ പിരിക്കേണ്ട നികുതികൾ യഥാസമയം പിരിക്കാതിരുന്നതും, ലൈസൻസ് നൽകേണ്ടവയ്ക്ക് കൃത്യമായി സ്ഥല പരിശോധന നടത്തി ആയത് നൽകാതിരുന്നതുംമൂലം സാമ്പത്തീക നഷ്ടവും കൂടാതെ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയുമായി ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമ പഞ്ചായത്ത് വാടകയ്ക്ക് നൽകിയ മുറിയിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾക്കു പോലും ലൈസൻസ് നൽകിയിട്ടില്ല എന്ന വസ്തുത ഓഡിറ്റ് ഗൗരവമായി കാണുന്നു. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 2-3 കെട്ടിട നികുതി നിർണ്ണയം - മൊബൈൽ ടവർ

2015-16 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല. തനത് വരുമാനം കുറവുള്ള ഗ്രാമ പഞ്ചായത്തിൽ നികുതി നിർണ്ണയത്തിലും ആയത് യഥാസമയം പിരിച്ചെടുക്കുന്നതിലും ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തുന്നില്ല. 2015-16 സാമ്പത്തിക വർഷം മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയം,പിരിവ് സംബന്ധിച്ച വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഒരു ടവറിന്റെ നികുതി മാത്രമാണ് പിരിച്ചത്. മൊബൈൽ ടവറുകളിൽ നിന്നും നികുതി പിരിക്കാത്തതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം | മൊബൈൽ ടവർ ഉടമയുടെ/കമ്പനിയുടെ പേര് | നിർണ്ണയിച്ച നികുതി | പിരിക്കാത്തത് |
|---|---|---|---|---|
| 1 | II/343(7 /35A/2) | ബി.എസ്.എൻ. എൽ.ടവർ | 11813 | 11813/- |
| 2 | III/533(VIII/1A) | മാനേജർ,വോഡാ ഫോൺ എസ്സാർ സെല്ലുലാർ ലി. | 9450 | 9450/- |
| 3 | III/540 | വയർലെസ്സ് ഐ.റ്റി.ഇൻഫോ സർവ്വീസസ് | 9450 | 9450/- |
| 4 | VIII/240 | മാനേജർ,വോഡാ ഫോൺ എസ്സാർ സെല്ലുലാർ ലി. | 10500 | 10500 |
| 5 | IX/350 B | ഇൻഡസ് ടവേഴ്സ് ലി.(2015-16 | 10269/- 28-03-2016 | 28-03-16 ൽ പിരിച്ചു. |

| | | | | |
|---|---|---|---|---|
| | | നിർണ്ണയം) | | |
| 6 | IX/350 C | ഡിഷ്നെറ്റ് വയർലെസ്സ് ലി. | 25200 | 25200 |
| 7 | X/284 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 13230 | 13230 |
| 8 | XIV/123 | ഇൻഡസ് ടവേഴ്സ് ലി | 7350 | 7350 |
| | | ആകെ | | 86993 |

സാമ്പത്തിക വർഷം മൊബൈൽ ടവറുകളുടെ വസ്തു നികുതിയിലത്തിൽ 86993/- രൂപ പിരിച്ചിട്ടില്ല. ആയത് അടിയന്തിരമായി പിരിച്ചെടുക്കാൻ നിലവിലുള്ള സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സേവാകേന്ദ്രങ്ങൾക്ക് വാടക നൽകൽ

| | |
|---|---|
| പ്രോജക്ട് | സേവാകേന്ദ്രങ്ങൾക്ക് വാടക നൽകൽ |
| പ്രോജക്ട് നം | S057/16 |
| അടങ്കൽ | 200000/- |
| ചെലവ് | 12000/- |
| ബിൽ നം./ചെക്ക് നം. | 194917/28-03-2016,192201/27.1.16 |
| നിർവ്വഹണം | സെക്രട്ടറി |

1. ആകെ 14വാർഡുകളിൽ 8കെട്ടിടങ്ങൾ പഞ്ചായത്ത് വകയും ബാക്കി 6 എണ്ണം സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലു മാണ് പ്രവർത്തിക്കുന്നത്.

2.പഞ്ചായത്ത് 13-ാംവാർഡിലെ സേവാകേന്ദ്രത്തിന്റെ വാടകനല്കിയിട്ടുണ്ട്.എന്നാൽ ടി-കെട്ടിട ഉടമസ്ഥനമായി പഞ്ചായത്ത് 01/2016 മുതൽ 03/2016 വരെ കരാറിൽ ഏർപ്പെട്ടിട്ടില്ല.

3.വാടകകരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത വ്യക്തിക്ക് വാടകയിനത്തിൽ തുകകൈമാറിയതിന് ന്യായീകരണമില്ല.

4.പ്രതിമാസം 1000/- പ്രകാരം നൽകിയ വാർഷിക വാടകയായ 12000/- രൂപയിൽ, കരാറിൽ ഏർപ്പെടാത്ത 1/2016, 2/201+6, 3/2016 എന്നീ മാസങ്ങളിലെ വാടകയായ 3000/- രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും
ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 3-2 മാനവേതനം നല്കാത്തത്

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 08.01.2016 ലെ 5/2016 സം. തി. ക. നം.ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് ജോലികൾ ചെയ്ത വരണാധികാരികൾക്ക് അതാതു സ്ഥാപനങ്ങളിലെ തനതുഫണ്ടിൽനിന്ന് മാനവേതനം നൽകാവുന്നതാണ്.വൗച്ചർ നം 21500763/02-2016 പ്രകാരം 22,000/-ചെക്ക് നം.3058/02.02.2016-ൽ പിൻവലിച്ചിട്ടുണ്ട്. ടി-തുക പിൻവലിച്ചതിൽ 20,000/-രൂപ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ.ബാക്കി 2000/-രൂപ വിതരണം ചെയ്യാത്തതിന് കാരണം വ്യക്തമാക്കേണ്ടതും അധികമായി നല്കിയ തുക ബന്ധപ്പെട്ട സെക്രട്ടറിയിൽനിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 3-3 തെരുവുവിളക്കുകളുടെ സ്ഥാപനം, അറ്റകുറ്റപ്പണികൾ

| | |
|---|---|
| പ്രോജക്ട് | തെരുവുവിളക്ക് മെയിൻെറനൻസ് ,സ്ഥാപിക്കൽ |
| പ്രോജക്ട് നം | SO0066/16 |
| ആടങ്കൽ | 154950/- |
| ചെലവ് | 154950/- |
| ബിൽ നം./ചെക്ക് നം. | 120463/-തനത്-/(30367/-3433324/3.9.15,40000 /-343325/3.9.15,20000/-343356/16.2.15,30096 /-cash)plan-24950/-bill no.21,30/15-16-22.1.16,23.3.16. |
| നിർവ്വഹണം | സെക്രട്ടറി |

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അപാകതകൾ ചുവടെ-

1.ക്വട്ടേഷൻ നടപടികൾ പൂർത്തീകരിച്ചതായി ഫയലിൽ നിന്നും വ്യക്തമല്ല.ബി.ബി.ഇലക്ട്രിക്കൽസ് മൂവാറ്റുപുഴ,സെൻെറ് ജോർജ്ജ് ഇലക്ട്രിക്ക ൽസ് മൂവാറ്റുപുഴ, ചക്രവേലിൽ ഇലക്ട്രിക്കൽസ് മൂവാറ്റുപുഴ എന്നീ സ്ഥാപനങ്ങളുടെ മൂന്ന് വിലവിവരങ്ങൾ ഫയലിനൊപ്പം ചേർത്തിട്ടുണ്ട്. വിലവിവരം എല്ലാം തന്നെ ഒരേ കൈപ്പടയിലും, വിലവിവരം ചേർത്ത് നല്കിയിട്ടുള്ള ലിസ്റ്റിൽ സ്ഥാപനത്തിൻെറ ടിൻ നമ്പറോ, ഫോൺ നമ്പറോ, മറ്റ് വിവരങ്ങളോ ഉൾപ്പെടുത്തിയിട്ടുമില്ല.

2. 7.8.15-ലെ ഫയൽ നം.A1 1471/15-പരിശോധിച്ചതിൽ പദ്ധതിക്കാവശ്യമായ സാധനസാമഗ്രികളുടെ എണ്ണം,പട്ടിക,എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നല്കാൻ അസി.എഞ്ചിനീയർ,കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ നോട് ആവശ്യപ്പെടാൻ നിർദ്ദേശിച്ചിരുന്നു,എന്നാൽ ഇത്തരം ഒരു നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

3.വാർഡ് തലത്തിൽ പദ്ധതി പൂർത്തീകരണത്തിൻെറ ഭാഗമായി പൂർത്തീകരണസർട്ടിഫിക്കറ്റ് ലഭ്യമാക്കു കയോ,തുടർനടപടികൾ സ്വീകരിക്കു കയോ ചെയ്യുതിട്ടില്ല.

പദ്ധതി നടത്തിപ്പിൽ വന്ന മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവഴിച്ച തുക ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 സേവാകേന്ദ്രങ്ങൾ സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്ട് | സേവാകേന്ദ്രങ്ങൾ സ്ഥാപിക്കൽ |
| പ്രോജക്ട് നം. | SO037/16 |
| അടങ്കൽ | 182219/- |
| ചെലവ് | 34539/- |
| ഡി.ഡി.നം. | 192202/27-01-2016 |
| നിർവ്വഹണം | സെക്രട്ടറി |

സെക്രട്ടറി നടപ്പാക്കിയ പദ്ധതി പരിശോധിച്ചതിൽ, 21.1.2015-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3(1),3(2) തീരുമാനങ്ങൾപ്രകാരം ഗ്രാമ കേന്ദ്രങ്ങളിലേക്ക് ബോർഡുകൾ സ്ഥാപിക്കുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനും തീരുമാനിച്ചു. ഇപ്രകാരം ബോർഡ് ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത "ഡിസൈൻ വേൾഡ്, മൂവാറ്റുപുഴ" എന്ന സ്ഥാപനത്തിന് കരാർനല്കുകയും ചെയ്തു. ഫർണിച്ചർ വാങ്ങുന്നതിനായി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത "താഴത്തെ വീട്ടിൽ ട്രേഡേഴ്സ്, ഫർണിച്ചർ&ബെഡ് സെൻ്റർ, മൂവാറ്റുപുഴ" എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. (ഒരു കേന്ദ്രത്തിൽ ഒരു മേശ, ഒരു വി.ഐ.പി.ചെയർ, നാല് പ്ലസ്റ്റിക്ക് ചെയർ എന്നതാണ് പദ്ധതിയിൽ ഉൾപ്പെട്ട

ത്തിയിരിക്കുന്നത്, ആകെ 14 വാർഡുകൾ, ആകെ പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക 152320/-, ഇതിൽ 117781/- രൂപയാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത് (ബോർഡ്-14000/-,ഫർണിച്ചർ-103781/- (ഈ തുക മുൻവർഷത്തിൽ നല്കിയത്), 34539/-).

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആകെ 14വാർഡുകളിൽ 8കെട്ടിടങ്ങൾ പഞ്ചായത്ത് വകയും ബാക്കി 6 എണ്ണം സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. എന്നാൽ നിലവിൽ ഈ 6 കെട്ടിടത്തിൻെറ വാടകാരുമായി പഞ്ചായത്തിന് വാടകകരാറും നിലവിലില്ല.

2.2014-15 വർഷ റിപ്പോർട്ടിലെ ഖണ്ഡിക 3.1-ൽ പ്രതിപാദിച്ചിരിക്കുന്ന അപാകതകൾ നിലവിൽ തുടരുകയുമാണ്.

3.മേൽ റിപ്പോർട്ടിലെ പ്രസ്തുത ഖണ്ഡികയിൽ ബാക്കിനല്കാനുള്ള 34,539/-രൂപ കരാറുകാരന് കൈമാറേണ്ടതില്ലായെന്ന്_മുൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നിട്ടും തൻ വർഷം തുക നൽകുകയുണ്ടായി.മേൽ വിവരിച്ച അപാകതകൾ നിലവിൽ പരിഹരിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുക ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 വനിതാ വിപണന കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് | വനിതാ വിപണന കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ |
| പ്രോജക്ട് നം | S0167/16 |
| ആടങ്കൽ | 23959/- |
| ചെലവ് | 23959/- |
| ബിൽ നം./ചെക്ക് നം. | 34/15-16 – 23-03-2016,ddno.194919/28.3.16 |
| നിർവ്വഹണം | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് വനിതാ വിപണന കേന്ദ്രത്തിനായി ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അപാകതകൾ ചുവടെ-

1.പദ്ധതിക്കാവശ്യമായ ഇനങ്ങൾ പഞ്ചായത്ത് വാങ്ങിയത് രാജധാനി ഫർണിച്ചർ&ബെഡ് സെന്റർ മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് .ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

2.നിലവിൽ വാങ്ങിയ ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.പദ്ധതി ആവിഷ്കരിച്ച് നാളിതുവരെയായിട്ടും വിപണന കേന്ദ്രത്തിന് ഫർണിച്ചർ കൈമാറാത്തത് നിലവിൽ ഇത്തരമൊരു സ്ഥാപനം പ്രവർത്തിക്കുന്നില്ലായെന്ന് നിഗമനത്തിലാണ് എത്തിചേരുന്നത് .

3.നിലവിലില്ലാത്ത സ്ഥാപനത്തിന് വേണ്ടി ഇനങ്ങൾ വാങ്ങി സൂക്ഷിച്ചിരിക്കുന്നതിൻെറ കാരണം വ്യക്തമല്ല.

മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവഴിച്ച തുക ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. മേൽ അപാകതകൾക്ക് മറുപടിയും വിശദീ കരണവും ലഭ്യമാക്കേണ്ടതാണ്.

## 3-6 മീഡിയാശ്രീ

| | |
|---|---|
| പ്രോജക്ട് | മീഡിയാശ്രീ പദ്ധതിതുക അടയ്ക്കൽ |
| പ്രോജക്ട് നം | S0028/16 |
| ആടങ്കൽ | 65000/- |
| ചെലവ് | 65000/- |
| ബിൽ നം./ചെക്ക് നം. | 714252/03.11.2015 |
| നിർവ്വഹണം | സെക്രട്ടറി |

മേൽ പ്രവൃത്തിയുടെ നടത്തിപ്പിനായി എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുബശ്രീ ജില്ലാകാര്യാലയത്തിലേയ്ക്ക് പഞ്ചായത്ത് തുക അടവാക്കി നല്കിയ തല്ലാതെ നാളിതുവരെ യാതൊരുവിധ തുടർനടപടികൾ സ്വീകരിക്കുകയോ, പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പുരോഗതി വിലയുരുത്തുകയോ ചെയ്യതിട്ടില്ല. തുകയുടെ ചെലവ് സംബന്ധിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയോ ഡി.സി. നിർമ്മിച്ച് നല്കിയതിന്റെ വിവരമോ തുടർ പ്രവർത്തനമോ സംബന്ധിച്ച വിവരങ്ങളോ മേൽ സ്ഥാപനത്തിൽ നിന്ന് നേടുകയോ ചെയ്തിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ടി-അപാകത നിലനിൽക്കുന്നതിനാൽ ചെലവഴിച്ച തുക ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 വിനിയോഗസാക്ഷ്യപത്രമില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | കുഴമ്പിൻത്താഴം കാരിമറ്റം റോഡിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ |
| പ്രോജക്ട് നം. | S0144/16 |
| അടങ്കൽ | 72600/- |
| ചെലവ് | 72600/- |
| ബിൽ.നം. | Dd. no.216859,216858/28.07.15 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

മേൽ പ്രവർത്തിയ്ക്കായി KSEB-യിൽ തുക അടവാക്കിയെങ്കിലും നാളിതുവരെ പ്രവർത്തി പൂർത്തീകരിക്കുകയോ, പൂർത്തീകരണ സാക്ഷ്യപത്രം പഞ്ചായത്തിൽ ലഭ്യമാകുകയോ ചെയ്തിട്ടില്ല. ആയതിനാൽ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 എസ്.സി .കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് | എസ്.സി .കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം |
| പ്രോജക്ട് നം. | S094/13 |
| അടങ്കൽ | 2000000/- |
| ചെലവ് | 2013094/- |
| ബിൽ.നം. | Dd. no.777296/,31.3.15,631705/31.3.16, 631287/30.3.16,631402/30.3.16 |
| അളവ് പുസ്തകം | 38/12-13 |
| കരാറുകാരൻ | കെ എം മുസ്തഫ |
| കരാർ | 38/AE/LSGD/AY/12-13,22.02.2013 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

വാർഡ് മൂന്നിലെ പാറത്താഴം എസ്.സി . കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ്. പദ്ധതി പ്രദേശം പാറയും ചരിവ് ഉള്ളതുമായ മേഖലയാണ്. നിർമ്മാണ പ്രദേശത്തിൻെറ വ്യത്യസ്ത തയും പ്രത്യേകതയും വിലയിരുത്താതെയാണ് പദ്ധതി നടപ്പിലാക്കിയതെന്നതിന് ഉദാഹരണമാണ് ഈ പദ്ധതി. അസംഘടിത മേഖലയിൽ നടപ്പിലാക്കിയ പദ്ധതിക്ക് വേണ്ടവിധത്തിലുള്ള പഠനമോ, ദീർഘ വീക്ഷണമോ, ആയതിൻെറ പ്രാധാന്യമോ ഒരു നിലയിലും പരിഗണിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. പദ്ധതി ആരംഭിച്ച് മൂന്ന് വർഷത്തോളം പിന്നിട്ടിട്ടും പദ്ധതിയുടെ നാലിലൊരുഭാഗം പോലും പ്രവൃത്തി പൂർത്തീക രിക്കാൻ സാധിച്ചില്ലായെന്നത് ന്യായീകരിക്കത്തക്കതല്ല.

നാളിതുവരെയുള്ള പ്രവർത്തികൾക്കായി അടങ്കൽ തുകപൂർണ്ണമായി ചെലവഴിച്ചുകഴിഞ്ഞിട്ടും പദ്ധതി എങ്ങും

എത്തിയിട്ടില്ല. നിർമ്മാണവേളയിൽ വന്ന അധിക വേലകൾ ചെലവ് ക്രമാതീതമായി ഉയർത്തുകയും പദ്ധതിയുടെ പ്ലാനിങ്ങിൽ വന്ന പാകപിഴകളും പ്രവർത്തിയുടെ പൂർത്തീകരണം അസാധ്യമാക്കിയിട്ടുണ്ട്. അവശേഷിച്ചിരിക്കുന്ന പ്രവർത്തി പൂർത്തീകരിക്കണമെങ്കിൽ നാളിതുവരെ ചെലവഴിച്ച തുകയിലും അധികം തുക ചെലവഴിക്കേണ്ടതായി വരുമെ ന്നത് തർക്കമറ്റ കാര്യമാണ്.ഫലത്തിൽ പദ്ധതി പൂർത്തീകരിക്കുമ്പോൾ അടങ്കൽ തുകയുടെ ഇരട്ടിയോളം തുക ചെലവുവരുമെന്നത് വസ്തുതയാണ്. യഥാർത്ഥത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ലയെന്നതിലുപരി ഇതൊരു ഒരു പാഴ് വേലയായി വിലയിരുത്തേണ്ടതായി വരുന്നു. വേണ്ടത്ര ഗൃഹപാഠം ചെയ്യാതെ പ്രവർത്തിനടത്തുന്നതുമൂലം വികസനമുന്നേറ്റത്തിനു പകരം വികസന തളർച്ചക്കേ ഉപകരിക്കുകയുള്ളു വെന്ന് ഇത്തരം പ്രവർത്തിയുടെ നടത്തിപ്പിലൂടെ മനസിലാക്കാം.വരും കാലങ്ങളിൽ ഇത്തരം പ്രവർത്തികൾ വേണ്ടത്ര പഠനത്തിന് വിധേയമാക്കാതെ ആവിഷ്കരിച്ച നടപ്പിലാക്കുന്നത് പഞ്ചായത്തിന് സാമ്പത്തിക ബാധ്യതക്ക് വഴിയൊരുക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.പദ്ധതി പൂർത്തീകരണത്തിന് നടപടികൾ സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകത നിർബന്ധമായും ഒഴിവാക്കേണ്ടതുമാണ്.

## 3-9 സിമന്റെ് പ്ലാസ്റ്ററിങ് പ്രവൃത്തി - അപാകത

താഴെപ്പറയുന്ന പ്രവൃത്തികളിൽ സിമന്റെ് പ്ലാസ്റ്ററിങ് പ്രവൃത്തി 1:3, 9mm കനത്തിൽ ചെയ്തിട്ടുണ്ട്. പ്ലാസ്റ്ററിങ് പ്രവൃത്തിക്ക് 1:3, 6mm മാത്രമേ ആവശ്യമായി വരുന്നുള്ളു. താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് അധിക അളവ് നല്കിയിട്ടുണ്ട്, വിശദവിവരം ചുവടെ-

1.

| | |
|---|---|
| പ്രോജക്ട് | കാരിമറ്റം അങ്കണവാടി മെയിൻെറനൻസ് |
| പ്രോജക്ട് നം. | S0123/16 |
| അടങ്കൽ | 450000/- |
| ചെലവ് | 379472/- |
| ബിൽ.നം. | Dd. no.63170/31.3.16. |
| അളവ് പുസ്തകം | 14/15-16 |
| കൺവീനർ | കെ.ആർ.ജിജിമോൻ |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

മേൽ പ്രവൃത്തിയിൽ അളവ് പുസ്തകം പത്താമത്തെ ഇനമായ സിമൻറ് പ്ലാസ്റ്ററിങ് പ്രവൃത്തി 1:3,9mm കനത്തിൽ ചെയ്തിട്ടുണ്ട്. പ്ലാസ്റ്ററിങ് പ്രവൃത്തിക്ക് 1:3,6mm മാത്രമേ ആവശ്യമായി വരുന്നുള്ളു.

2.

| | |
|---|---|
| പ്രോജക്ട് | ഒന്നാം വാർഡിലെ അങ്കണവാടി മെയിൻെറനൻസ് |
| പ്രോജക്ട് നം. | S0135/16 |
| അടങ്കൽ | 150000/- |
| ചെലവ് | 137788/- |
| ബിൽ.നം. | Dd. no.632311/5.4.16. |
| അളവ് പുസ്തകം | 51/15-16 |
| കൺവീനർ | പി എസ് അജീഷ് |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

മേൽ പ്രവൃത്തിയിൽ അളവ് പുസ്തകം പന്ത്രണ്ടാമത്തെ ഇനമായ സിമൻറ് പ്ലാസ്റ്ററിങ് പ്രവൃത്തി 1:3,9mm കനത്തിൽ ചെയ്യതിട്ടുണ്ട്. പ്ലാസ്റ്ററിങ് പ്രവൃത്തിക്ക് 1:3, 6mm മാത്രമേ ആവശ്യമായി വരുന്നുള്ളു.

3.

| | |
|---|---|
| പ്രോജക്ട് | 39-ാം വാർഡിലെ അങ്കണവാടി മെയിൻെറനൻസ് |
| പ്രോജക്ട് നം. | S0134/16 |
| അടങ്കൽ | 100000/- |
| ചെലവ് | 90459/- |
| ബിൽ.നം. | Dd. no.632300/5.4.16. |
| അളവ് പുസ്തകം | 56/15-16 |
| കൺവീനർ | അബ്ദുൾ ഷമീർ |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

മേൽ പ്രവൃത്തിയിൽ അളവ് പുസ്തകം ഏഴാമത്തെ ഇനമായ സിമൻറ് പ്ലാസ്റ്ററിങ് പ്രവൃത്തി 1:3,9mm കനത്തിൽ ചെയ്യതിട്ടുണ്ട്. പ്ലാസ്റ്ററിങ് പ്രവൃത്തിക്ക് 1:3, 6mm മാത്രമേ ആവശ്യമായി വരുന്നുള്ളു. മേൽ പ്രവൃത്തികൾക്ക് അധികമായ കനത്തിൽ പ്ലാസ്റ്ററിങ് ചെയ്യതിനു കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-10 പ്രാഥമിക ആരോഗ്യകേന്ദ്രം മരുന്നുവാങ്ങൽ -അപാകത

പ്രോജക്ട് നം. S0029/16 പ്രകാരം നിയ ഫാർമസ്യൂട്ടിക്കൽസ്-ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്ന് 34261/- രൂപയുടെ (ബിൽ നം.03/15/16)മരുന്ന് വാങ്ങിയിട്ടുണ്ട്. അടിയന്തിര സ്വഭാവമില്ലാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ലഭ്യമല്ലെങ്കിൽ മാത്രമേ മറ്റുസ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവൂ. ഇവിടെ നോൺ അവയ് ലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് നിയ ഫാർമസ്യൂട്ടിക്കൽസ്-ഡിസ്ട്രിബ്യൂട്ടേഴ്സ് കോട്ടയത്തു നിന്നു മരുന്ന് വാങ്ങിയിരിക്കുന്നത്. മാത്രമല്ല കൈപ്പറ്റിയതിന് രസീതും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കേയണ്ടതാണ്. ഭാവിയിൽ നിർബന്ധമായും ഇത്തരം അപാകത ഒഴിവാക്കേണ്ടതും മരുന്നു വാങ്ങലിലെ സുതാര്യത നിർവ്വഹണഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/തീ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | കുഴമ്പിൻത്താഴം കാരിമറ്റം റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 216859/ 28.7.15, 216858/ 28.7.15 | 72600 | 72600 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ.ഉ.(സാ) നം. 530/10 /ത.സ്വ.ഭ.വ, തിരു. 18/2/10 | 10251000 | 1998000 | 500000 | - | 1498000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല 8450/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-3 | 8450 | ബാബുജേക്കബ്, സെക്രട്ടറി | 1150510376/ 16.11.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43501346 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37357652 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 4458 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 351048 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 (എ) | 4458 | - | രാജൻ .പി.പി, സെക്രട്ടറി |
| 3-1 | - | 3000 | രാജൻ .പി.പി, സെക്രട്ടറി |
| 3-2 | - | 2000 | രാജൻ . പി.പി, സെക്രട്ടറി |
| ആകെ | 4458 | 5000 | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 154950 | രാജൻ .പി.പി,സെക്രട്ടറി |
| 3-4 | 34539 | രാജൻ .പി.പി,സെക്രട്ടറി |
| 3-5 | 23959 | രാജൻ .പി.പി,സെക്രട്ടറി |
| 3-6 | 65000 | രാജൻ .പി.പി,സെക്രട്ടറി |
| 3-7 | 72600 | പി.കെ.ബാലകൃഷ്ണൻ |
| ആകെ | 351048 | - |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 10720 | രാജൻ .പി.പി,സെക്രട്ടറി |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാഅസി. എഞ്ചനീയർസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| രാജൻ .പി.പി, സെക്രട്ടറി | വിരമിച്ചു | പള്ളത്ത് വീട്, കുന്നകുരുടി, ഐരാപുരം, പെരുമ്പാവൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ (പി-3)112/98തീ.16.4.98 |
| 1997-98 | എൽ എഫ് ഇ (പി-5)1028/02തീ.14.2.02 |
| 1998-99 | എൽ എഫ് ഇ (പി-5)848/03തീ.31.3.04 |
| 1999-00, 2000-01 | എൽ എഫ് ഇ (പി-5)342/06തീ.9.11.06 |
| 1999-00, 2000-01 | എൽ എഫ് ഇ (പി-5)982/04തീ.4.11.04 |
| 1997-98 | എൽ എഫ് ഇ (പി-5)1978/07തീ.30.9.08 |
| 1998-99 | എൽ എഫ് ഇ (പി-5)1979/07തീ.30.9.08 |
| 1999-00 | എൽ എഫ് ഇ (പി-5)1980/07തീ.30.9.08 |
| 2000-01 | എൽ എഫ് ഇ (പി-5)1981/07തീ.30.9.08 |
| 2001-02 | എൽ എഫ് ഇ (പി-5)1982/07തീ.30.9.08 |
| 2002-03 | എൽ എഫ് ഇ (പി-5)811/10തീ.27.10.11 |
| 2003-04 | എൽ എഫ് ഇ (പി-5)812/10തീ.27.10.11 |
| 2004-05 | എൽ എഫ് ഇ (പി-5)813/10തീ.27.10.11 |
| 2005-06 | എൽ എഫ് ഇ (പി-5)814/12തീ.27.10.11 |
| 2006-07 | എൽ എഫ് ഇ (പി-5)683/12തീ.25.7.12 |
| 2007-08 | എൽ എഫ് ഇ (പി-5)784/12തീ.25.7.12 |
| 2008-09 | എൽ എഫ് ഇ (പി-5)785/12തീ.25.7.12 |
| 2009-10 | എൽ എഫ് ഇ (പി-5)786/12തീ.4.10.12 |
| 2010-11, 2011-12 | എൽ എഫ് ഇ (പി-5)1657/12തീ.5.10.13 |
| 2012-13 | എൽ എഫ് ഇ (പി-8)484/15തീ.13.4.15 |
| 2013-14,14-15 | എൽ എഫ് ഇ (പി-8)236/16തീ.03.3.16 |

.

ഡെപ്യൂട്ടി ഡയറക്ടർ **(ഹ.ഗ്രേ.)**

# Annexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.8)43/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :01.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആയവന ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE

No.K.S.A.-EKM(P8)43/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 01.02.2017

Certified that I have audited the Annual Financial Statement of Ayavana Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ayavana Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)